"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതിവകുപ്പ് - ജീവനകാര്യം - സാമൂഹ്യനീതിവകുപ്പിൽ എറണാകുളം ജില്ലാ പ്രൊബേഷൻ ഓഫീസിൽ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ ആൻസൻ. ബി. എ.-യ്ക്ക് സിനിമ ചിത്രീകരിക്കുന്നതിന്റെ ഭാഗമാകുന്നതിനും അഭിനയിക്കുന്നതിനും അനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.256/2024/SJD തീയതി,തിരുവനന്തപുരം, 12-12-2024

---

പരാമർശം:- 1. ശ്രീ ആൻസൻ. ബി. എ.-യുടെ 06.05.2024-ലെ അപേക്ഷ.

2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 21.10.2024-ലെ എസ്.ജെ.ഡി/3473/2024-ഇ.2 നമ്പർ. കത്ത്

**<u>ഉത്തരവ്</u>**

സാമൂഹ്യനീതി വകുപ്പിൽ ഡയറക്ടറേറ്റിൽ എറണാകുളം ജില്ലാ പ്രൊബേഷൻ ഓഫീസിൽ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ ആൻസൻ. ബി. എ.-ക്ക് സിനിമ ചിത്രീകരിക്കുന്നതിന്റെ ഭാഗമാകുന്നതിനും അഭിനയിക്കുന്നതിനും അനുമതിനൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷ സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ പരാമർശം 2-പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യനീതി വകുപ്പിൽ എറണാകുളം ജില്ലാ പ്രൊബേഷൻ ഓഫീസിൽ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ ആൻസൻ. ബി. എ.-ക്ക്, 1960-ലെ കേരളസർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 48(1) ന്റെ ആദ്യ പരിമിതിവ്യവസ്ഥ (proviso) പ്രകാരം പ്രതിഫലം കൈപ്പറ്റാതെയും, ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സമില്ലാതെയും സിനിമ ചിത്രീകരിക്കുന്നതിന്റെ ഭാഗമാകുന്നതിനും അഭിനയിക്കുന്നതിനും അനുമതിനല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, സാമൂഹ്യനീതിവകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
2. ശ്രീ ആൻസൻ. ബി. എ., ക്ലാർക്ക്-ടൈപ്പിസ്റ്റ്, ജില്ലാ പ്രൊബേഷൻ ഓഫീസ്, എറണാകുളം (ഡയറക്ടർ മുഖേന)

3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്), കേരള,
തിരുവനന്തപുരം
4. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ ബി) വകുപ്പ്(ട്രി വകുപ്പിന്റെ 21.11.2024-ലെ അഡ്വൈസ്.ബി.1/271/2024/ഉ.ഭ.പ.വ നം. കുറിപ്പ് പ്രകാരം)
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ,
വിവരപൊതുജനസമ്പർക്ക വകുപ്പ്
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
Date: 12-12-2024 15:44:48
സെക്ഷൻ ഓഫീസർ